തായി ശ്രദ്ധയിൽ പെട്ടാൽ അത്തരം ഈടാക്കിയ അധികപലിശയുടെ മൂന്നിര ട്ടിവരെ പിഴ ചുമത്താവുന്നതാണ്.

(ഇ) ഇല്ല.

(എഫ്) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പര മാവധി പലിശ വാണിജ്യ ബാങ്കുകൾ വായ്പയ്ക്ക് ഈടാക്കുന്ന പലിശയേ ക്കാൾ 2% ത്തിൽ കൂടരുതെന്ന് കേരള മണിലെന്റേഴ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അധർമ്മണൻമാർ വായ്പയ്ക്ക് ഈ നിരക്കിൽകൂടുതൽ പലിശ നൽകാൻ ബാദ്ധ്യസ്ഥരല്ല. കൂടിയ നിരക്കിൽ പലിശ ആവശ്യപ്പെടുന്നുണ്ടെ ങ്കിൽ ആ വിവരം ലൈസൻസിംഗ് അതോറിറ്റിയെ യഥാസമയം അറിയിച്ചാൽ അധർമ്മണൻമാർ ഈ വിധത്തിൽ ചൂഷണം ചെയ്യപ്പെടുന്നതൊഴിവാക്കാൻ സാധിക്കും.

(ജി) കേരള മണി ലെന്റേഴ്സ് ആക്ടിൽ അനധികൃത പലിശ നിരോ ധിക്കാൻ ഇപ്പോൾത്തന്നെ വ്യവസ്ഥകളുണ്ട്.

19 (*225) സമഗ്ര വനവികസന പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രവനവികസന പദ്ധതി നടപ്പാക്കിയി ട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക് സഹായം ലഭ്യമാക്കിയിരുന്നോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സമഗ്ര വനവികസന പദ്ധതി യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) വനവികസന പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടു ത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) സമഗ്രമായ വനവികസനവും വനപരിപാലനവും ലക്ഷ്യ മാക്കി ലോകബാങ്ക് സഹായത്തോടെ കേരള ഫോറസ്ട്രി പ്രോജക്ട് എന്ന പദ്ധതി 1998-99 മുതൽ നടപ്പിലാക്കി വരുന്നു.

(സി) ഈ പദ്ധതിയ്ക്കുവേണ്ടിയുള്ള മൊത്ത അടങ്കൽ തുക 182.39 കോടി രൂപയാണ് ഇതിൽ 152.1 കോടി രൂപ (39 മില്യൻ യു.എസ്. ഡോളർ) ധനസഹായം ലോകബാങ്കിൽനിന്നും ലഭിക്കുന്നതാണ്. ഈ തുക ഭാരത സർക്കാർ 2008 മുതൽ 2033 വരെയുള്ള കാലയളവിൽ അർദ്ധ വാർഷിക ഗഡു ക്കളായി തിരിച്ചടയ്ക്കണം. ഇപ്രകാരം ലോകബാങ്കിൽ നിന്നും നൽകുന്ന സഹായം ഭാരത സർക്കാർ പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരുകൾ തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയ മായി കേരള സർക്കാരിന് നൽകുന്നതാണ്.

(ഡി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സ്ഥായിയായ പരിസ്ഥിതി സംരക്ഷണത്തിനും ജൈവ വൈവിധ്യ പരിപാലനത്തിനും വേണ്ടിയുള്ള വനസംരക്ഷണം.

2. പദ്ധതി പ്രദേശത്തെ വനത്തിൽനിന്നും തോട്ടങ്ങളിൽ നിന്നു മുള്ള തടികളുടെയും മറ്റു വനവിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതയുടെ വർദ്ധന.

3. വനത്തിനുള്ളിലും വനാതിർത്തിഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിതനില വാര ഉന്നമനം.

(ഇ) ഉണ്ട്.

(എഫ്) 1998 മുതലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 1998-99 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽനിന്നും ഈ പദ്ധതിയ്ക്ക് 1500 ലക്ഷം രൂപ നീക്കിവയ്ക്കുകയും ഇതിൽ 1365.310 ലക്ഷം രൂപ (താൽക്കാ ലികം) ചെലവാക്കുകയും ഉണ്ടായി. ഈ പദ്ധതി അനുസരിച്ച് 1998-99-ൽ 2352 ഹെക്ടർ അൽപ്പം മാത്രം അസ്വസ്ഥമാക്കപ്പെട്ട സ്വാഭാവിക വനങ്ങളുടെ പുനഃരുദ്ധാരണം, 1269 ഹെക്ടർ പ്രക്ഷീണ സ്വാഭാവിക വനങ്ങളുടെ പുനഃരധി വാസം, 479 ഹെക്ടർ പ്രദേശത്ത് ഈറ്റ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാ രണം 252 ഹെക്ടർ വ്യാവസായിക തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ 115 ഹെക്ടർ തേക്കു വച്ചുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വനംവകു പ്പിന്റെ ഭരണനിർവ്വഹണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 53 ക്വാർട്ടേ ഴ്സുകളുടെ നിർമ്മാണം ആരംഭിക്കുകയും എഴുപതോളം വാഹനങ്ങൾ വാങ്ങുകയും ചെയ്തു. 1999-2000 വർഷത്തിൽ 40 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കു ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 1999 മേയ് മാസം വരെ ഉദ്ദേശം 55 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

20 (*226) കശുമാവ് കൃഷിയുടെ സമഗ്ര വികസനം

ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി സമഗ്ര വികസനത്തിനായി ഈ വർഷം നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിലേയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതി ഈ വർഷം നടപ്പാക്കു ന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ:

(സി) കശുവണ്ടി ഉൽപ്പാദന വികസനത്തിനായി 'ടെക്നോളജി മിഷൻ ഓൺ കാഷ്യൂ' എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly